(സി) റബ്ബർ ഉൽപ്പാദനത്തിനേറെയും ഉപഭോഗത്തിനേറെയും വിടവ് നികത്താൻവേണ്ടിമാത്രമേ സ്വാഭാവികറബ്ബർ ഇറക്കുമതി ചെയ്യുന്നുള്ളു. ഇറക്കുമതിമൂലം റബ്ബർ കർഷകർക്ക് വിഷമം നേരിടുന്ന അവസരങ്ങളിൽ അതേപ്പറ്റി കേന്ദ്രഗവൺമെന്റിൽ സംസ്ഥാനസർക്കാർ നിവേദനം നടത്താറുണ്ട്.

കൂത്താട്ടുകുളം മൃഗാശുപത്രിയിലെ ഐ. സി. ഡി. പി. സബ്സെന്റർ

212 [228] ശ്രീ. വി. വി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം മൃഗാശുപത്രിയിൽ പ്രവർത്തിച്ചുവന്ന ഐ. സി. ഡി. പി. സബ്സെന്റർ അവിടെനിന്നും മാറ്റിയിട്ടുണ്ടോ;

(ബി) ഈ സെന്റർ ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്;

(സി) കൂത്താട്ടുകുളത്തുനിന്നും ഇത് മാറ്റാനുള്ള കാരണമെന്ത്;

(ഡി) കൂത്താട്ടുകുളം മൃഗാശുപത്രിയിൽ കഴിഞ്ഞ മൂന്നു മാസത്തിൽ ശരാശരി ഒരുദിവസം എത്ര കൃത്രിമ ബീജോൽപ്പാദനം നടന്നിട്ടുണ്ട്;

(ഇ) ഈ സാമ്പത്തിക വർഷം ശരാശരി ദിവസം എത്ര മൃഗങ്ങളെ ഇവിടെ ചികിത്സിച്ചിട്ടുണ്ട്;

(എഫ്) ഇപ്പോൾ ഇവിടെ എത്ര സ്റ്റാഫ് ഉണ്ട്;

(ജി) ഐ. സി. ഡി.പി. സബ്സെന്റർ മാറ്റിയതിനുശേഷം ഈ ആശുപത്രിയിലെ പ്രവർത്തനത്തിനു ആവശ്യമായ സ്റ്റാഫ് ഉണ്ടോ;

(എച്ച്) ഇത് ഇവിടെ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ രാമമംഗലം പഞ്ചായത്തിൽ രാമമംഗലം എന്ന സ്ഥലത്ത്.

(സി) രാമമംഗലം പഞ്ചായത്തിൽ മൃഗസംരക്ഷണ പ്രവർത്തനത്തിനുള്ള സ്ഥാപനങ്ങൾ ഒന്നുമില്ല. കൂടാതെ ടി പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സി. ഐ. എ. സെന്റർ നിറുത്തലാക്കിയതിനാൽ പൊതുജനതാൽപ്പര്യം മുൻനിറുത്തി കൂത്താട്ടുകുളം മൃഗാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ രാമമംഗലത്തേക്കു മാറ്റുകയും കൂത്താട്ടുകുളത്തെ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടി കൂത്താട്ടുകുളം മൃഗാശുപത്രിയിൽ കൃത്രിമ ബീജ ദാനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ആറ് (6).

(ഇ) 25.

(എഫ്) 4.

(ജി) ഉണ്ട്.

(എച്ച്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly